O32:1M59:11

F6

BHADRAKALI CHARITAM.

NILAKANTAN NAMBUDRI

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1

165405

# ഭദ്രകാളീ

# ചരിതം.

LIBRARY
MAR 1928
MADRAS

[illegible]
[illegible]!
ഭദ്രകാളിയത്തു ചെയ്തുകൊണ്ടെപ്പൊഴും
ഭദ്രകാളിശ്ശുഭമേകിടേണമെ.

ചെറുവത്തേരി കെഴക്കേടത്ത്
നീലകണ്ഠൻ നമ്പൂരി അവർകൾ
ഉണ്ടാക്കിയതു.

മംഗളോദയം കമ്പനി, ക്ലിപ്തം,
തൃശ്ശിവപേരൂർ.

44550
032 : 1M59:11
[F6]

# ഭദ്രകാളീചരിതം

## പാനപ്പാട്ട്

UNIVERSITY LIBRARY
28 MAR 1928
MADRAS

---

### മംഗളശ്ലോകം.

ഹരനുടെ ഫാലാക്ഷിന്നട്ടഹാസം മുഴക്കി
ഗിരികൊടുമുടിതന്നിൽ ചാടിടും ഭദ്രകാളീ!
തിരുകരമതിലേന്തും വാളുകൊണ്ടെന്റെ നാ(വിൽ
കുരുകുരെയെഴുതേണം ചണ്ഡികേ നിന്റെ (ഡൈരി.

### പാന.

പാരിലേഴും ഭയപ്പെട്ടു ഞെട്ടുന്ന
ദാരുകാസുരൻ തന്റെ ചരിത്രത്തെ

നാരദമുനിചെന്നുപുരാന്തക-
മാരഭ്രുതിധരനോടറിയിച്ചു
സംഹാരമൂൎത്തീയക്കാലംഉാരുക
സംഹാരംചെയ്തുകൊള്ളുവാനായിട്ട്
സിംഹാസനത്തിൽനിന്നെഴുന്നേററപ്പോൾ
സിംഹനാദംജഗത്തിൽമുഴങ്ങിനാൻ
ഇക്കാണുന്നചരാചരമൊക്കെയും
നോക്കുന്നേരംദഹിയ്ക്കുന്നദേവന്റെ
തൃക്കണ്ണുങ്ങുപുകയുന്നതുകണ്ടു
തൽക്കാലംഭയപ്പെട്ടിതുബ്രഹ്മാവും
തിങ്ങിവിങ്ങിപ്പുകയുന്നതുകണ്ടു
മംഗളസ്തുതിചെയ്തിതുദേവകൾ
അംഗജനുടെനേരെയ്ക്കുതുപോലെ
യജ്ഞപൊട്ടിത്തെറിച്ചുതീക്കട്ടകൾ
പുത്തൻകാറെറത്തുപൊങ്ങുംപുകയ്ക്കുള്ളിൽ

കത്തിക്കാളുന്നതീജ്വാല'തന്നൊടെ
മദ്ധ്യഭാഗത്തുസൎവ്വജനങ്ങൾക്കും
പ്രത്ത്യക്ഷമായികാളീഭഗവതി
അക്കാലത്തൊരുഘോരാമഴാപെയ്തു
ചൊൽക്കൊള്ളുന്നൊരുദാരുകരാജ്യത്ത്
കേൾക്കായിതൊരശരീരിവാക്കെന്നു
ന്നൊക്കാനീനശിച്ചീടുമുടനെന്ന്
കൂട്ടിത്തൊട്ടിടിവെട്ടുംകണക്കില
ങ്ങട്ടഹാസംമുഴക്കിജ്ജഗത്ത്രയം
മുട്ടുംമട്ടിലാക്കൈലാസശൈലത്തിൽ
പെട്ടന്നാഞ്ഞങ്ങുചാടിഭഗവതീ
മുത്തുരത്നക്കിരീടഗണങ്ങളും
കത്തിക്കാളുന്നഫാലനേത്രാഗ്നിയും
തീക്കനൽപോലെയുള്ളതിരുമിഴി
നോക്കുവാൻവയ്യാതെയത്രഭയങ്കരം

പൊങ്ങിനീണ്ടുവിടൎന്നുവിളങ്ങീടും
ഭംഗിയേറുന്നനാസാപുടങ്ങളും
രക്തവൎണ്ണമായ്ത്തുള്ളിപ്പാത്തെന്നും
വ്യക്തമായ്ക്കാണുമൊന്നാവുംഭയങ്കരം
കാറിനുള്ളിൽതെളിഞ്ഞൊരുചന്ദ്രന്റെ
കീറുപോലെവളഞ്ഞുള്ളദംഷ്ട്രങ്ങൾ
നൂറുകോടിമുഖങ്ങളിലൊക്കയും
വേറെവേറെവിളങ്ങുന്നുവിസ്മയം
കുണ്ഡലങ്ങളായ്ശ്രോത്രഗജ്ഞങ്ങളെ.
കൎണ്ണരന്ധ്രവുമേറ്റംഭയങ്കരം
ചെമ്പൊന്നിൻനിറംചേരുംതലമുടി
പിൻഭാഗത്തതിഗംഭീരംകാണുമ്പോൾ
തൃക്കൈയ്യോത്താലസംഖ്യമെന്നല്ലാതെ
വാക്കുകൊണ്ടുരചെയ്യുവാൻവയ്യാൎക്കും
നീണ്ടുരുണ്ടുള്ളസാലഗണംപോലെ

രണ്ടുഭാഗംനിറഞ്ഞുള്ളകൈകളു
കണ്ടുവെങ്കിൽഭയപ്പെട്ടുവീഴാ
കണ്ടുലോകത്തിലാരുമുണ്ടാവില്ലാ
മാർവ്വിടത്തിങ്കൽതിങ്ങുംമുലകളും
സർവ്വഭൂഷാമണികടെശോഭയും
ആനത്തോലുടുത്തീടുമരക്കെട്ടി
ലാനന്ദപ്രദമായമണികളും
പട്ടുകൊണ്ടുള്ളതൊങ്ങലുംകാണുമ്പൊ
ളിഷ്ടമേകുംസുരാർച്ചിതപാദവും
രുദ്രകോപസ്വരൂപിണിയായൊരു
ഭദ്രകാളിഭഗവതിയന്നേരം
അഞ്ജനാചലംവന്നുതൊഴുംവിധം
അഞ്ജലികൂപ്പിനിൽക്കുന്നതുകണ്ടു
മഞ്ജുളാംഗിമണിയായപാർവ്വതി
അഞ്ജസാപറഞ്ഞീടിനാളിങ്ങിനെ

ഗംഭീരാകൃതിയെല്ലാംചുരുക്കേണം
ശംഭുനന്ദിനിമന്ദതയെന്നിയെ
ഗാംഭീൎയ്യംതവകണ്ടുഭയപ്പെട്ടു
സംഭ്രമിക്കുന്നുസൎവ്വജനങ്ങളും
കാരുണ്യത്തോടവരെയശേഷവും
ചാരത്തിങ്കുവരുത്തണംവേഗത്തിൽ
പാരാതെയവൎക്കുള്ളഭയങ്ങളെ
ദൂരത്താക്കിനീരക്ഷിച്ചുകൊള്ളണം
പാൎവ്വതിയായൊരമ്മപറഞ്ഞതു
സൎവ്വവുംകേട്ടുദേഹംചുരുക്കിനാൾ
പൎവ്വതസുതാതന്റെപദാംബുജം
ശൎവ്വനന്ദിനിചെന്നുവണങ്ങിനാൾ
അക്കാലത്തൊരുവക്ത്രസരോജവും
തീക്കനൽപോലെമൂന്നുമിഴികളും
ഊക്കേറുന്നപതിനാറുതൃക്കയ്യും

നോക്കുമ്പോളതിഗംഭീരദേഹവും.
കാലകാലൻഭഗവാന്റെപാദവും
ചാലവേചെന്നുവന്ദിച്ചുനിന്നപ്പോൾ
ബാലയായോരുപുത്രിയെകണ്ടിട്ടാ-
ക്കാലംദേവനിവണ്ണമരുൾചെയ്തു.
കാളകൂടാംശംകൊണ്ടുനീമേഘത്തെ-
ക്കാളുംകാന്തികലർന്നവളായ്വന്നു
ലാളിച്ചേവമരുൾചെയ്തുപുത്രിയ്ക്കു
കാളിയെന്നുവിളിച്ചുതിരുനാമം
ഭദ്രംഭദ്രമെന്നപ്പോളശരീരി
രുദ്രദേവൻശ്രവിച്ചോരനന്തരം
ഭദ്രകാളിയെന്നാക്കിതിരുനാമം
ഭദ്രമായൊരുവാളുംകൊടുത്തുടൻ
എന്തുചെയ്യണംഞാനിതുകൊണ്ടെന്നു
സിന്ധുഗാംഭീര്യംപൂണ്ടോരുപുത്രിയും

ഹന്താഹന്തയെന്നങ്ങുചോദിച്ചപ്പോ-
ളന്തകാന്തകനേവമരുൾചെയ്തു
ആരുംനേരിട്ടുനോക്കാതേപശ്ചിമ
വാരിധിതന്റെതീരപ്രദേശത്ത്
ഘോരമന്ദിരംതന്നിൽമരുവുന്ന
ദാരുകനെന്നദാനവവീരനേ
ധീരതയോടെചെന്നുനീകൊന്നുട-
നീരേഴുലോകംപാലിച്ചിരിക്കണം
നാരിവർഗ്ഗങ്ങളല്ലാതെയാരുംനിൻ
നേരെവന്നാൽമടങ്ങുമെന്നായിട്ട്
വാരിജോത്ഭവനേകിവരങ്ങളാ-
ദാരുകാസുരനായതുകാരണം
എന്തെന്നാലതുചെയ്യാമിനിയെന്നു
ചിന്തിച്ചായവൻചെയ്യുന്നതോർത്തൊന്ന്
അന്തരംഗത്തിലോർത്താലഹോജീവ

ജന്തുക്കളൊക്കനിന്നുവിറയ്ക്കുന്നു
എന്നുകേട്ടട്ടഹാസത്തൊടെ
മിന്നുംവാളങ്ങിളക്കിപുറപ്പെട്ടു
ഒന്നുവാഹനമായൊരുവേതാളി
വന്നുതാണുതൊഴുതങ്ങുണർത്തിച്ചു
എന്നുടെഗളംതന്നിലെഴുന്നെള്ളാം
തോന്നുംമുമ്പിലാദിക്കിലങ്ങെത്തിക്കാം
എന്നുണർത്തിച്ചാദേവനെവന്ദിച്ചു
പിന്നാക്കംമാറിതാണുനിന്നീടുമ്പോൾ
ചെന്നുകേറിനാൻവേതാളിതൻഗളം
തന്നിലക്കാലംകാളിഭഗവതി
മേൽഭാഗത്തങ്ങുചെന്നുടൻദേവകൾ
പുഷ്പവൃഷ്ടികൾചെയ്തിതന്നേരത്തു
ഭൂതവൃന്ദങ്ങളാർത്തുപുറപ്പെട്ടു
ഭൂതേശാത്മജതന്നോടൊരുമിച്ചു

ജാതരോഷംഭഗവതിതന്നുടെ
ചൈതന്യാരാവംകേട്ടൊരുനേരത്ത
മാതൃക്കളങ്ങുമിങ്ങുനിന്നൊക്കെയും
പ്രാകൃതഭയംവിട്ടൊരുമിച്ചുടൻ
വന്നുവന്ദിച്ചുദേവിയൊരുമിച്ചു
ചെന്നുദാരുകൻതന്നുടെരാജ്യത്ത
ബദ്ധരോഷംഭഗവതിയോടൊത്തു
യുദ്ധത്തിനവരാൎത്തുവിളിച്ചതേ
വ്യാജഹീനംഭടന്മാരതുകേട്ടു
രാജധാനിയിൽചെന്നങ്ങുനത്തിച്ചു
തമ്പുരാനോടുയുദ്ധത്തിനായിട്ടു
മുമ്പെവന്നതുപോലെയബലമാർ
അമ്പതുലക്ഷംഭൂതഗണത്തോടും
അമ്പോടേവളഞ്ഞാൎത്തുവിളിക്കുന്നു
ആരെടാപുരംവന്നുവളഞ്ഞതെതൻ

നോരെവന്നുപോകപൊരുഞ്ഞാതെ
മാരക്രീഡയ്ക്കുമാത്രമുപയോഗ
മാരായുള്ളോരുമാനിനീമാർകളോ
പോരിനായിട്ടുവന്നതുനമ്മോടു
പൌരുഷത്തോടുപോവട്ടെമന്ത്രികൾ
കല്പനയതുകേട്ടുടൻമന്ത്രികൾ
ഒപ്പമങ്ങുപുറപ്പെട്ടുയെട്ടുപേർ
കെല്പേറുന്നൊരുഭൃത്യഭടൻമാരും
അപ്പുരത്തിങ്കലേററംനിരന്നതെ
യുദ്ധത്തിങ്കലവരെയശേഷവും
ബദ്ധരോഷംവധിച്ചുഭഗവതി
എന്നുകേട്ടുപുറപ്പെട്ടുദാരുകൻ
തന്നുടെരഥംതന്നിൽകരയേറി
രാജചിഹ്നങ്ങളോടെപുറപ്പെട്ടോ
രാജ്ഞാനബാഹ്ലദാരുകൻതന്നുടെ

രാജധാനിയിലക്കാലമുണ്ടായ
രാജസങ്ങളൊരല്പംപറഞ്ഞിടാം
വെൺകൊറ്റക്കുടപിന്നിൽപിടിക്കയും
വെഞ്ചാമരങ്ങളാളുകൾവീശിയും
ആലവട്ടംനിരത്തിപിടിക്കയും
ചാലവെകൊമ്പുംകുഴലുംവിളിക്കയും
ഭേരിവാദ്യമടിച്ചുതകൎത്തുഗം-
ഭീരവാക്കുപറഞ്ഞങ്ങുടക്കയും
ദാനവേന്ദ്രസചിവന്മാരൊക്കയും
ആനതൻമുകളേറിപ്പുറപ്പെട്ടു
വിശ്വവീരന്മാരായസേനേശന്മാ
രശ്വത്തിൻമുകളേറിപ്പുറപ്പെട്ടു
കാലാളോൎത്താൽപുതുമഴപെയ്യുമ്പോൾ
ചാലെപൊങ്ങുന്നൊരെയ്യാൻകണക്കിനെ
നാലുദിക്കുംനിറഞ്ഞുവരുന്നതാ

ക്കാലംകണ്ടരുൾചെയ്തുഭഗവതി
വാഹനമായവേതാളിനിന്നുടെ
മോഹംപോലെഭുജിച്ചാലുംദൈത്യരെ
ദാഹംതീൎക്കുവാൻചോരകുടിച്ചാലും
ദേഹത്തിന്നതിശക്തിഭവിക്കട്ടെ
ഭദ്രകാളിയരുൾചെയ്തവാക്കുകൾ
ളദ്രിവാസിയാംദേവതകേട്ടുടൻ
അങ്ങിനെതന്നെയെന്നങ്ങുനൎത്തിച്ചി
ട്ടങ്ങതിന്നുതുടങ്ങിഭടന്മാരെ
ആയതുകണ്ടുദാരുകനക്കാലം
ആയുധങ്ങളോടാൎത്തങ്ങടുത്തുതെ
യുദ്ധഘോഷംചെയ്യുവാനാരാലും
സാദ്ധ്യമല്ലെന്നറികമഹാജനം
സിദ്ധമന്ത്രമുണ്ടിവ്വിവനെന്നതു
ബുദ്ധികൊണ്ടങ്ങറിഞ്ഞുഭഗവതി

പിന്നാക്കമെരക്കാതമെഴനള്ളി
തന്നുള്ളിലോൎത്തുകാൎത്ത്യായനിയേയും
സന്നിധിയിങ്കൽവന്നുകാൎത്ത്യായനി
തന്നോടങ്ങരുൾചെയ്തുവിവരങ്ങൾ
ദിവ്യമന്ത്രംഗ്രഹിപ്പാനുപായവും
ദിവ്യദൃഷ്ടികൊണ്ടോൎത്തുകാൎത്ത്യായനി
ദാരുകാന്തഃപുരത്തിലെഴനള്ളി
ദാരമായമനോദരീതന്നോടു
സാരമന്ത്രംഗ്രഹിച്ചുതിരിച്ചുടൻ
പാരാതെഭദ്രകാളിക്കുനൾകിനാൾ
ഭദ്രകാളിയെക്കാണാഞ്ഞുദാരുകൻ
നിദ്രപൂണ്ടുരഥത്തിൽകിടക്കുമ്പോൾ
എട്ടുദിക്കുമൊരുമിച്ചുഞെട്ടുന്നോ
രട്ടഹാസങ്ങൾകേട്ടെഴനേററു
വാളിളക്കിവിളങ്ങിവരുംഭദ്ര

കാളിയെക്കണ്ടുദാരുകനക്കാലം
ആളുംതീയ്യിൽപതിയ്ക്കുന്നപാററയേ-
ക്കാളുംവേഗത്തിൽചെന്നങ്ങടുത്തുടൻ
പിന്നെതാമസംകൂടാതദാരുകൻ
തന്നുടെതച്ച ചുററിപിടിച്ചുടൻ
താതവാക്കിനാൽദാരുകൻതൻഗളം
ജാത രോഷമറുത്തുഭഗവതി
അപ്പൊഴത്തെയവസ്ഥപറയുവാൻ
കെല്പുപോരനമുക്കെന്നറിഞ്ഞാലും
ഇപ്രപഞ്ചത്തിലുള്ളവക്കൊക്കെയും
ഉൾപ്രഃമോദംവരുത്തിന ദേവിയെ
അന്നമാമുനിമാരുംസുരൻമാരും
വന്ദിച്ചേവംസ്തുതിച്ചുതുടങ്ങിനാൻ
ലോകമായെഭഗവതിനിൻകൃപ
ആകുന്നുഞങ്ങൾക്കൊക്കെയവലംബം

ലോകമൊക്കയുംസൃഷ്ടിച്ചുകൊണ്ടതും
പാകംപോലതുരക്ഷിച്ചിരിപ്പതും
ശോകംകൂടാതെസംഹരിക്കുന്നതും
ലോകതായേഭഗവതിനീതന്നെ
വാസ്തവത്തിങ്കലൊന്നായ്വിളങ്ങുന്ന
വസ്തുഭേദംവരുത്തി ജഗത്തിങ്കൽ
മൂൎത്തിഭേദമായ്ക്കാട്ടിത്തരുന്നതും
പാൎത്തിടുംമ്പോൾഭഗവതിനീതന്നെ
പണ്ടുപാലാഴിതന്നിൽജനിച്ചൊരു
തണ്ടാർമാനിനിയായതുംനീതന്നെ
കണ്ടവസ്തുക്കളെല്ലാംവഹിച്ചൊരു
വണ്ടാർവേണിയാംഭൂമിയുംനീതന്നെ
ദക്ഷപുത്രിയായ്പണ്ടുജനിച്ചൊരു
ദാക്ഷായണിയാംദേവിയുംനീതന്നെ
സൎവ്വമംഗളരൂപയായുള്ളൊരു

പാൎവ്വതിയായദേവിയുംനീതന്നെ
ഭംഗിയേറുംശിവന്റെശിരസ്സിങ്കൽ
ഗംഗയെന്നുള്ളദേവിയുംനീതന്നെ
അക്ഷരാകൃതിയോടേവിളങ്ങുന്ന
സാക്ഷാൽഭാരതിദേവിയുംനീതന്നെ
പണ്ടുഞങ്ങൾക്കമൃതുവിളമ്പുവാൻ
വേണ്ടിവന്നോരുദേവിയുംനീതന്നെ
സുംഭനിസുംഭനാശത്തിനായിട്ടു
സംഭവിച്ചോരുദേവിയുംനീതന്നെ
സ്വൎഗ്ഗദ്രോഹികളായോരുദൈത്യരേ
ദുൎഗ്ഗാദേവിയായ്ക്കൊന്നതുംനീതന്നെ
ആലോചിക്കുമ്പൊളേവമവതാരം
പോലെയല്ലാനിൻകാരുണ്യംകാണുമ്പോൾ
ഭൂലോകെകലിദോഷംകളയുവാൻ
മേലാൽമേസ്സ്യാവിൽവാഴണമംബികേ!

ഇങ്ങിനെമുനിദേവഗണത്തിന്റെ
മംഗളസ്തുതികേട്ടുപ്രസാദിച്ച
അങ്ങിനെതന്നെയെന്നങ്ങരുൾചെയ്തു
ഭംഗ്യാമേസ്ത്താവിൽവാഴ്കമമ്മേ! ജയ.

ശുഭമസ്തു.

ശ്ലോകം.

ഇക്കാണുന്നൊരുഭദ്രകാളിചരിതം
വായിച്ചിടുംമാനുഷ-
ർക്കാർക്കുംഭൂതപിശാചയക്ഷിനിവഹം
ബാധിയ്ക്കയില്ലെങ്ങുമേ
ഉൾക്കൊള്ളുന്നവസൂരിയുംവരികയി-
ല്ലിബ്ബുക്കിരിയ്ക്കുംപുരേ
പാർക്കുന്നാർക്കു,നടപ്പുദീനവുമട-
ങ്ങുന്നെങ്കിലേവനാണുഭയം.

എന്നു ഗ്രന്ഥകർത്താവ്.

BHADRAKALI CHARITAM.

NILAKANTAN NAMBUDRI.

F6

032:1 M59:11

Indic Digital Archive Foundation

gpura.org